**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3849** **15-07-2022 - ൽ മറുപടിയ്ക്ക്**

**തിരുവല്ല താലൂക്ക് ആശുപത്രിയിൽ ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ മാത്യൂ ടി. തോമസ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | തിരുവല്ല താലൂക്ക് ആശുപത്രിയിൽ ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രത്തിന് (District Early Intervention Center) പുതിയ കെട്ടിടം പണിയുന്നതിനായി പണം അനുവദിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. തിരുവല്ല താലൂക്ക് ആശുപത്രിയിൽ ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രത്തിനായി കെട്ടിടം പണിയുന്നതിന് 19.06.2015 ലെ സ.ഉ(സാധാ.)നം. 389/2015/സാ.നീ.വ. പ്രകാരം 2,60,00,000/- രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തി നടപ്പാക്കുന്നതിനുള്ള നിർവ്വഹണ ഏജൻസി ഏതാണെന്ന് വ്യക്തമാക്കാമോ ; | (ബി) | തദ്ദേശ സ്വയം ഭരണ എഞ്ചിനീയറിങ്ങ് വിഭാഗത്തിനാണ് കെട്ടിടം പണിയുന്നതിന്റെ ചുമതല നൽകിയിട്ടുള്ളത്. |
| (സി) | പ്രസ്തുത പ്രവൃത്തി സംബന്ധിച്ചുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ? | (സി) | പത്തനംതിട്ട ജില്ലയിൽ ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രം (District Early intervention Centre)) തിരുവല്ല താലൂക്ക് ആശുപത്രിയിൽ നിർമ്മിക്കുന്നതിലേക്ക് ആരോഗ്യ വകുപ്പിൽ നിന്നും സ്ഥലം അനുവദിച്ച് ഉത്തരവായിട്ടുണ്ട്. 2014-ലെ ഡി.എസ്.ആർ പ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റ് അനുസരിച്ച് പ്രസ്തുത പ്രവൃത്തിക്ക് 260 ലക്ഷം രൂപ വകയിരുത്തിയിരുന്നു. തുടർന്ന് 2016-ലെ ഡി.എസ്.ആർ പ്രകാരം 260 ലക്ഷം രൂപയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് പുതുക്കിയ ഭരണാനുമതിക്കായി ലഭ്യമാക്കിയെങ്കിലും 2018 ഡി.എസ്.ആർ പ്രകാരമുള്ള പുതുക്കിയ എസ്റ്റിമേറ്റും പ്രവൃത്തിയുടെ ചെലവുകൾ നിറവേറ്റുന്നതിനുള്ള ഫണ്ടിന്റെ ഉറവിടം വ്യക്തമാക്കിയുള്ള ശിപാർശയും തയ്യാറാക്കി സമർപ്പിക്കുവാൻ സാമൂഹ്യനീതി വകുപ്പിൽ നിന്നും നിർദ്ദേശം നൽകിയിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ